314011

**D 32324** **(Pages : 2)** **Name.......................................**

**Reg. No...................................**

**FIRST SEMESTER (CBCSS–UG) DEGREE EXAMINATION**
**NOVEMBER 2022**

Malayalam (Language Reduced Pattern)

MAL1A07(3)—MALAYALA BHASHAYUM SAHITHYAVUM – I

(2019–2022 Admissions)

Time : Two Hours and a Half | Maximum : 80 Marks

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ (പരമാവധി മാർക്ക് 25) :

1 സിയാറ്റിൽ മൂപ്പൻ ആരായിരുന്നു ?

2 ‘നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്. ആരുടെ വാക്കുകളാണിത് ? എന്തിനെ കുറിച്ചാണ് ഈ പരാമർശം ?

3 ‘ഈ കഥ ഇവിടെ അവസാനിക്കുന്നില്ല’ എന്ന വാചകത്തോടെ അവസാനിക്കുന്ന കഥ ഏത് ? കഥാകൃത്ത് ആരാണ് ?

4 ലോല അവളുടെ അച്ഛനെപ്പറ്റി പറഞ്ഞതെന്തായിരുന്നു ?

5 ‘സരള താമസിച്ചിരുന്ന കെട്ടിടത്തിൽ ആരും ആ വശത്തേക്കുള്ള ജനലുകൾ തുറന്നിട്ടിരുന്നില്ല’–കാരണമെന്ത് ?

6 കലയുടെ സൂക്ഷ്മമായ സ്രോതസ്സ് എന്താണ് ?

7 എസ്.കെ. പൊറ്റെക്കാട്ടിന്റെ ഏതു കൃതിക്കാണ് ജ്ഞാനപീഠം അവാർഡ് ലഭിച്ചത് ? ഏതു വർഷം ?

8 “ചുമലിലൊരിത്തിരി റേഷനരിക്കിഴി
ചുടുചിന്താഭാരങ്ങൾ നെഞ്ചറയിൽ”
–സന്ദർഭമേത് ?

9 “എങ്ങും വിരുന്ന്, മലർ തൂകൽ, വിളക്ക്, പോകാം
നമ്മൾക്ക്, വായ്ക്കുരവ നീളെ മുഴങ്ങിടുമ്പോൾ”
–സൂചിതമെന്ത് ?

10 ‘മീര പാടുന്നു’ എന്ന കവിതയുടെ പ്രമേയമെന്ത് ?

11 “ആളുകൾ കണ്ടു കണ്ടാണു സാർ
കടലുകൾ ഇത്രയും വലുതായത്
പുഴകൾ ഇതിഹാസങ്ങളായത് ”
–ആശയമെന്ത് ?

**Turn over**

314011

314011



12 വെളുത്ത മനുഷ്യനു ഭൂമി വിൽക്കുമ്പോൾ സിയാറ്റിൽ മൂപ്പൻ മുന്നോട്ടു വയ്ക്കുന്ന വ്യവസ്ഥയെന്ത് ?

13 കണ്ടൽക്കാടുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?

14 'ബുദ്ധനും ഞാനും നരിയും' നൽകുന്ന സന്ദേശം എന്ത് ?

15 'സ്ത്രീ സ്വാതന്ത്ര്യം' പ്രമേയമായ രണ്ടു കവിതകളുടെ പേരെഴുതുക. ആരുടെ രചനയാണ് ?

(25 marks)

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ (പരമാവധി മാർക്ക് 35) :

16 കലയെക്കുറിച്ചുള്ള നിത്യചൈതന്യയതിയുടെ നിരീക്ഷണം ചുരുക്കി വിവരിക്കുക.

17 പൊക്കുടൻ പറഞ്ഞ 'കണ്ടൽജീവിതം' വിലയിരുത്തുക.

18 "വീണ്ടും കാണുക എന്നൊന്നുണ്ടാവില്ല. നീ മരിച്ചതായി ഞാനും ഞാൻ മരിച്ചതായി നീയും കണക്കാക്കുക. ചുംബിച്ച ചുണ്ടുകൾക്കു വിടതരിക'. സന്ദർഭം വിശദമാക്കുക.

19 'സരളയും' 'കുപ്പമ്മയും' സാമൂഹിക ജീവിതത്തിലെ സ്ത്രീയവസ്ഥകളുടെ രണ്ട് പ്രതിനിധാനങ്ങളാണ്. ചർച്ച ചെയ്യുക.

20 'വേണ്ടാം കടി' എന്ന കഥയിലെ 'മുത്തച്ഛനെ' കോവിലൻ അവതരിപ്പിക്കുന്നതെങ്ങനെ ?

21 "തരമായടുത്തവൻ ചാടാറായ് ഞാനാക്കൽ
പ്രതിമയാക്രൂരന്റെ മുതുകിൽത്തള്ളി"
—സന്ദർഭം വിശദമാക്കുക.

22 "ഇപ്പുഞ്ചിരിക്കു തെളിവില്ലറിവില്ല കാൺമീ
ലർത്ഥം, വൃഥാ ചിരി പൊഴിച്ചവൾ വാണിടുന്നു"
—ആശയം വ്യക്തമാക്കുക.

23 സ്ത്രീവിമോചന സങ്കൽപ്പങ്ങളെ 'മീര പാടുന്നു' എന്ന കവിതയിലൂടെ സച്ചിദാനന്ദൻ വ്യക്തമാക്കുന്നതെങ്ങനെ ?

(35 marks)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 'കാപ്പിരികളുടെ നാട്ടിൽ' എന്ന യാത്രാവിവരണത്തിന് ഒരാസ്വാദനം തയ്യാറാക്കുക.

25 ആഗോളവത്ക്കരണ കാലത്ത് 'സിയാറ്റിൽ മൂപ്പന്റെ' പരിസ്ഥിതി പ്രഭാഷണത്തിനും 'പൊക്കുടന്റെ' കണ്ടൽ ജീവിതത്തിനും പരസ്പര പൂരകമായ പ്രാധാന്യമുള്ളത്. ചർച്ച ചെയ്യുക.

26 കെ.ജി. എസ്സിന്റെ 'പല പോസിലുള്ള ഫോട്ടോകൾ' എന്ന കവിത സമകാല സാമൂഹികാവസ്ഥയുടെ അന്തഃസാര ശൂന്യതയുടെയും പ്രകടനപരതയുടെയും നേർകാഴ്ചകൾ ചിത്രീകരിക്കുന്നു. വിലയിരുത്തുക.

27 ആദർശങ്ങൾ അതിനു വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. പ്രായോഗിക ജീവിതത്തിൽ പലപ്പോഴും അത് അപ്രസക്തം തന്നെ. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയെ ആസ്പദമാക്കി സ്വമതം സ്ഥാപിക്കുക.

($2 \times 10 = 20$ marks)

314011